## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.6830 10.07.2014-ൽ മറുപടിക്ക്**

**ജലശ്രീ ഹരിതശാലാ ലാബുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.ലൂഡിലൂയിസ്<br>ശ്രീ.കെ.അച്ചുതൻ<br>ശ്രീ.ഷാഫി പറമ്പിൽ | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ. സംസ്ഥാനത്ത് ജലശ്രീ ഹരിതശാലാ ലാബുകളുടെ പ്രവർത്തനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br><br>ബി. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ അറിയിക്കുമോ ;<br><br>സി. ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ;<br><br>ഡി. എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിക്ക് ലഭിക്കുന്നത്;<br><br>ഇ. പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ | എ, ബി, സി, ഡി & ഇ. 2012 ൽ സംസ്ഥാന പരിസ്ഥിതി കാലാവസ്ഥാവ്യതിയാന വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ കേരളത്തിലെ വിവിധ ജില്ലകളിലായി 28 കോളേജുകളിൽ ജലശ്രീ - ഹരിതശാല ലാബ് പ്രവർത്തനം ആരംഭിച്ചിരുന്നു. പ്രസ്തുതപദ്ധതി പ്രകാരം 28 കോളേജുകൾക്ക് ലാബുകൾ സജ്ജമാക്കുന്നതിനായി 25,000 രൂപ ധനസഹായവും പരിശീലനവും നൽകിയിരുന്നു. പ്രസ്തുത ജലശ്രീ-ഹരിതശാല ലാബുകൾ വഴി അതാത് പ്രദേശങ്ങളിലെ കുടിവെള്ള സ്രോതസ്സുകളിലെ ജലഗുണനിലവാരം സൗജന്യമായി പരിശോധിച്ച് നൽകുകയെന്നതു് പദ്ധതിയുടെ ഭാഗമായിരുന്നു. കൂടാതെ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നവയായിരുന്നു.<br><br>1. സംസ്ഥാനത്തെ കോളേജുകളിലെ ലാബുകൾ കുടിവെള്ള പരിശോധനയ്ക്ക് സജ്ജമാക്കുക. |

| | |
|---|---|
| വ്യക്തമാക്കുമോ; | 2. ഭൂമിത്രസേനയുടെ പ്രവർത്തനമുള്ള കോളേജുകൾ സ്ഥിതി ചെയ്യുന്ന പ്രദേശത്തെ ജനങ്ങൾക്ക് സൗജന്യമായി ജലഗുണനിലവാരം പരിശോധിക്കുവാൻ സൗകര്യം ഒരുക്കുക.<br>3. പ്രാദേശികമായി കുടിവെള്ള ഗുണനിലവാര പരിശോധനയ്ക്ക് അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സജ്ജമാക്കുക.<br>പദ്ധതി നടപ്പാക്കുന്നതിന് സി.സി.ഡി.യു വിന്റെ നേതൃത്വത്തിൽ മേൽ നോട്ട സംവിധാനം സജ്ജമാക്കിയിട്ടുണ്ടായിരുന്നു.<br>പരിസ്ഥിതി കാലാവസ്ഥാവ്യതിയാന വകുപ്പിന്റെ പദ്ധതിയായിരുന്നതിനാൽ തുടർന്ന് മറ്റിടങ്ങളിലേക്ക് വ്യാപിപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ